ഇതേ രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നത് ആശാസ്യമല്ലെന്ന് കമ്മിറ്റി കണ്ടെത്തുകയും കോർപ്പറേഷൻ പിരിച്ചുവിടുന്നതിന് സർക്കാരിനെ ഉപദേശിക്കുകയും ചെയ്തു. മേൽ നിർദ്ദേശം വിശദമായ പരിശോധനയ്ക്കും പഠനത്തിനും ശേഷം സർക്കാർ അംഗീകരിക്കുകയും കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം നൽകി കമ്പനി ലിക്വിഡേറ്റ് ചെയ്യുന്നതിന് നടപടിയെടുക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

20 (*354) ചാരായനിരോധനം

<u>ശ്രീ. ടി.എം. ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചാരായ നിരോധനം നടപ്പിലാക്കാനുള്ള ജനകീയ കമ്മിറ്റികൾ ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ജനകീയ കമ്മിറ്റികളിൽ ആരെല്ലാമാണ് അംഗങ്ങളായിട്ടുള്ളത്;

(സി) ജനകീയ കമ്മിറ്റികൾ വിളിച്ചുകൂട്ടുന്നതിനുള്ള ചുമതല ആർക്കാണ്;

(ഡി) കൃത്യമായി ജനകീയകമ്മിറ്റികൾ കൂടുന്നുണ്ടോ എന്നും അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്നും ഗവണ്മെന്റ് അന്വേഷിക്കാറുണ്ടോ;

(ഇ) ചാരായനിരോധന കമ്മിറ്റികളിൽ പോലീസ് അധികൃതർ പങ്കെടുക്കാതെ ഒഴിഞ്ഞുമാറുകയാണെന്നുള്ള ആക്ഷേപം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ജനകീയ കമ്മിറ്റികൾ കൃത്യമായി കൂടുന്നതിനും അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി <u>(ശ്രീ. ടി. ശിവദാസമേനോൻ)</u> :

(എ) ഉണ്ട്.

(ബി) സ്റ്റേറ്റ് ലവൽ കമ്മിറ്റിയിൽ മുഖ്യമന്ത്രി ചെയർമാനും, ധനകാര്യ എക്സൈസുവകുപ്പുമന്ത്രി വൈസ്ചെയർമാനും റവന്യൂ വകുപ്പുമന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, പ്രതിപക്ഷനേതാവ്, ജലസേചന വകുപ്പ് മന്ത്രി, ആരോഗ്യവകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി, ട്രാൻസ്പോർട്ട് വകുപ്പു മന്ത്രി, വനം വകുപ്പുമന്ത്രി എന്നിവരും ശ്രീ. കെ.എം. മാണി എം.എൽ.എ., ശ്രീ. ടി.എം. ജേക്കബ് എം.എൽ.എ., ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി എം.എൽ.എ., ശ്രീ. ആർ. ബാലകൃഷ്ണപിള്ള എം.എൽ.എ. എന്നിവരും നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധികളും മെമ്പർമാരാണ് കൂടാതെ ചീഫ് സെക്രട്ടറി, ഡി.ജി.പി., എക്സൈസ് കമ്മീഷണർ, നികുതി വകുപ്പ് സെക്രട്ടറി എന്നിവരും സംസ്ഥാനതല കമ്മിറ്റിയിലെ അംഗങ്ങളാണ്. നികുതിവകുപ്പ് സെക്രട്ടറി ഈ കമ്മിറ്റിയുടെ കൺവീനർകൂടിയാണ്. ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലയിലെ എം.എൽ.എ. മാരും എം.പി. മാരും, മുൻസിപ്പൽ ചെയർമാൻമാർ, കോർപ്പറേഷൻ മേയർ, ജില്ലയിലെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ,

LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എന്നിവരും ജില്ലാതല കമ്മിറ്റികളിലെ അംഗങ്ങളാണ്. ജില്ലാ കളക്ടർ ഇതിന്റെ ചെയർമാനും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ കൺവീനറുമാണ്. ആർ.ഡി.ഒ., ബ്ലോക്കിലെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഡിവൈഎസ് പി., എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, പോലീസ് സർക്കിൾ ഇൻസ്പെക്ടർ, താലൂക്ക് തഹസിൽദാർ എന്നിവർ ബ്ലോക്കതല കമ്മിറ്റികളിലെ അംഗങ്ങളുമാണ്. ഇതിന്റെ ചെയർമാൻ ആർ.ഡി.ഒ.യും കൺവീനർ ബന്ധപ്പെട്ട ബ്ലോക്കിലെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറും ആണ്. ജില്ലാ ബ്ലോക്കുതല കമ്മിറ്റികളിൽ നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികളെയും അംഗങ്ങളാക്കിയിട്ടുണ്ട്.

(സി) ബന്ധപ്പെട്ട കൺവീനർമാർക്കാണ്.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

(എഫ്) ജനകീയ കമ്മിറ്റികൾ കൃത്യമായി കൂടുകയും പ്രവർത്തനങ്ങൾ കൃത്യമായിവിലയിരുത്തുകയും ചെയ്യുന്നുണ്ട്.

21 (*355) അലങ്കാര പുഷ്പ കൃഷി

ശ്രീ. പി.സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലങ്കാര പുഷ്പക്കൃഷി വ്യാപിപ്പിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ കാർഷിക സർവകലാശാലയുടെ പങ്ക് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ പൂക്കൾ വിപണനം ചെയ്യുന്നതിനുള്ള സംവിധാനമെന്താണ്;

(ഡി) പദ്ധതി നടത്തിപ്പിൽ വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനമെന്താണ്;

(ഇ) സംസ്ഥാനത്ത് ഫ്ളോറികാർഡ് പദ്ധതി നടപ്പിലാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 100 പഞ്ചായത്തുകളിൽ പുഷ്പക്കൃഷി നടപ്പിലാക്കുന്നതാണ്. 25 പേർ അംഗങ്ങളായുള്ള ഓരോ ഫ്ളോറി ക്ളബ്ബുകൾ ഓരോ പഞ്ചായത്തിലും രൂപീകരിച്ച് അവരിലൂടെയാണ് കൃഷി നടത്തുന്നത്. ഇതിനാവശ്യമായ പണം ബാങ്കുകൾ മുഖേന കുറഞ്ഞ പലിശനിരക്കിൽ ലഭ്യമാക്കുന്നതുമാണ്. ഇതിനായി ഫ്ളോറി കാർഡ് സമ്പ്രദായം നടപ്പിലാക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly